# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1266 10.08.2017 ലെ മറുപടിയ്ക്ക്

### കോഴിക്കോട് ജില്ലയിൽ ആത്മഹത്യ ചെയ്ത കർഷകന്റെ കുടുംബത്തിന് സഹായം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.സി.ജോസഫ് | ശ്രീ. ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) കോഴിക്കോട് ജില്ലയിലെ ചെമ്പാനോട് വില്ലേജിലെ ആത്മഹത്യ ചെയ്ത ജോയി എന്ന കർഷകന്റെ കുടുംബത്തിന് എന്തെല്ലാം സഹായം നൽകാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; | (എ) 21.06.2017 ന് കോഴിക്കോട്, ചെമ്പനോട വില്ലേജ് ഓഫീസിൽ വച്ച് മരണപ്പെട്ട ജോയി എന്ന കെ.ജെ.തോമസിന്റെ കുടുംബത്തിന്റെ വായ്പാ ബാധ്യത തീർക്കുന്നതിനായി (ചക്കിട്ടപ്പാറ സഹകരണ ബാങ്കിൽ നിന്നും 13,16,856/- രൂപയും പൂഴിത്തോട് യൂണിയൻ ബാങ്കിൽ നിന്നും വിദ്യാഭ്യാസ വായ്പ 3,31,346/- രൂപയും) ആകെ **16,48,202/- രൂപ (പതിനാറ് ലക്ഷത്തി നാല്പത്തിയെട്ടായിരത്തി ഇരുന്നൂറ്റി രണ്ട് രൂപ)** മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) ജോയിയുടെ കുടുംബത്തിൽ ഒരംഗത്തിന് ജോലി നൽകണമെന്ന ആവശ്യം പരിഗണനയിൽ ഉണ്ടോ; | (ബി) ഇപ്പോൾ പരിഗണനയിൽ ഇല്ല |
| (സി) ജോയിയുടെ മരണം സംബന്ധിച്ച റവന്യൂ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; | (സി) ഉണ്ട് |
| (ഡി) റിപ്പോർട്ടിലെ കണ്ടെത്തലും നിഗമനങ്ങളും വെളിപ്പെടുത്തുമോ? | (ഡി) ആത്മഹത്യ ചെയ്ത ജോയി എന്ന കെ.ജെ തോമസിന്റെ ഭാര്യയായ ശ്രീമതി. മോളി തോമസിന്റെ പേരിൽ കരം ഒടുക്കി നൽകണമെന്ന 24.05.2016 ലെ തഹസിൽദാരുടെ ഉത്തരവ് വില്ലേജ് ഓഫീസറായ ശ്രീ. സണ്ണി.പി.എ പാലിക്കാത്തത് ശ്രീമതി. മോളി തോമസിനേയും ടിയാളുടെ ഭർത്താവായ ശ്രീ. കെ.ജെ തോമസിനേയും മാനസികമായി തളർത്തി. ഏതോ ബാഹ്യസ്വാധീനത്തിന് വശംവദനാവുകയും, പ്രത്യേകിച്ച് അവിടത്തെ മുൻ സ്പെഷ്യൽ വില്ലേജ് ഓഫീസർ ആയിരുന്ന ശ്രീ. സിലീഷ് തോമസിന്റെ ഇടപെടലുമാണ് മേലുദ്യോഗസ്ഥരെ ധിക്കരിക്കാൻ കാരണമായത് എന്ന് കാണുന്നു. |

എന്നാൽ, ഇക്കാര്യത്തിൽ ശ്രീ. സിലീഷ് തോമസിന്റെ നേരിട്ടുള്ള പങ്ക് രേഖകൾ പരിശോധിച്ചതിൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. വില്ലേജ് ഓഫീസറായ ശ്രീ. പി.എ.സണ്ണിയെയും ശ്രീ. സിലിഷ് തോമസിനെയും ജില്ലാ കളക്ടർ 22.06.2017 ന് സസ്പെൻഡ് ചെയ്തിട്ടുണ്ട്. 24.05.2016 ന് തഹസിൽദാരുടെ ഉത്തരവ് നടപ്പാക്കണമെന്ന് വില്ലേജ് ഓഫീസർക്ക് തുടർനിർദ്ദേശം നൽകിയിട്ടില്ല എന്നതിനാൽ പിന്നീട് നിയമിതയായ തഹസിൽദാർക്കെതിരെ ലാൻഡ് റവന്യൂ കമ്മീഷണർ അച്ചടക്ക നടപടി സ്വീകരിക്കേണ്ടതുണ്ട്.

സെക്ഷൻ ഓഫീസർ